## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 319

14.03.2018 — ൽ മറുപടിക്ക്

### ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ<br>,, ബി.ഡി. ദേവസ്സി<br>,, കാരാട്ട് റസാഖ്<br>,, ഒ. ആർ. കേളു : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) റേഷൻ സാധനങ്ങൾ പൊതുജനങ്ങൾക്ക് യഥാവിധി ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനുമായി ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ രൂപീകരിച്ചിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ഏതെല്ലാം തലങ്ങളിലാണ് ഇവ രൂപീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) യും (ബി) യും ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായം 2001-നെ അടിസ്ഥാനപ്പെടുത്തി സംസ്ഥാന / ജില്ല / താലൂക്ക്/ പഞ്ചായത്ത് തലങ്ങളിൽ ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള സംസ്ഥാന/ജില്ല/ താലൂക്ക്/റേഷൻകടതല വിജിലൻസ് സമിതികൾ സംസ്ഥാന ഭക്ഷ്യ ഭദ്രതാനിയമം നിലവിൽ വന്നതിനുശേഷം ആരംഭിക്കുന്നതാണ്. |
| (സി) പൊതുവിതരണം സംബന്ധിച്ച് ജനങ്ങൾ നൽകുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് പ്രസ്തുത സമിതികൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ? | (സി) വിജിലൻസ് സമിതികൾ കൃത്യമായ ഇടവേളകളിൽ യോഗം ചേരുകയും ലഭിക്കുന്ന പരാതികളിൽ / നിർദ്ദേശങ്ങളിൽ ആവശ്യമായ തുടർ നടപടികൾ യഥാസമയം സ്വീകരിക്കുന്നതുമാണ്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് പൂർണ്ണമായ രീതിയിൽ നടപ്പിലാക്കുമ്പോൾ രൂപീകരിക്കപ്പെടുന്ന പുതിയ വിജിലൻസ് സമിതികളുടെ പ്രവർത്തനം നിയമം അനുശാസിക്കുന്ന തരത്തിൽ ആയിരിക്കുവാൻ എല്ലാ കരുതലുകളും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ